9
ശനി
2018 ജൂൺ
1193 എടവം 26

മക്തബ്

www.makthabdaily.com

പ്രധാന വൈദ്യൻ : **മൈക്കീൽ രവീന്ദ്രൻ (ചരകൻ)** (കേരള സർക്കാരിന്റെ 'നാട്ടുവൈദ്യം' 'വനമിത്രം' പുരസ്കാര ജേതാവ്) Mob: 9446 840 031

ചരകൻ™
ആയുർവേദ വൈദ്യ മഠം

തൃച്ചംബരം പെട്രോൾ പമ്പ്, പ്ലാത്തോട്ടം റോഡ്
Near രാജ്യ ഹാൾ, കോട്ടക്കുന്ന്, തളിപ്പറമ്പ്
Pharmacy: 04602300031,
Office: 9400692669, 9633173434

എത്ര കടുത്ത മുടികൊഴിച്ചിലിനെയും അകറ്റുന്നു ! ഒരാഴ്ചക്കുള്ളിൽ!!

- താരൻ
- മുടിയുടെ അറ്റം പിളരൽ
- മുടി നുറുങ്ങി പോകൽ
- മുടി വട്ടത്തിൽ കൊഴിയൽ
- മുടി ചെമ്പിക്കൽ
- അകാല നര

എന്നിവയ്ക്ക് ശാശ്വത പരിഹാരം

എല്ലാവിധ രോഗങ്ങൾക്കും മൈക്കീൽ വൈദ്യകുടുംബത്തിന്റെ താളിയോല ഗ്രന്ഥവിധി പ്രകാരമുള്ള ചികിത്സ....

റീത്തും ശവപ്പെട്ടിയും എറണാകുളം ഡി.സി.സി. ഓഫീസ് മുറ്റത്ത്

ഉമ്മൻചാണ്ടിയെയും ചെന്നിത്തലയെയും യൂദാസാക്കി ശവപ്പെട്ടിയിലടച്ച് പ്രതിഷേധം

എറണാകുളം ഡി.സി.സി ഓഫീസ് മുറ്റത്ത് പ്രത്യക്ഷപ്പെട്ട ശവപ്പെട്ടിയും റീത്തും


"ഞങ്ങൾ പ്രവർത്തകരുടെ മനസ്സിൽ നിങ്ങൾ "മരിച്ചു"
"CONGRESS പാർട്ടിയിലെ യൂദാസുമാർ
ഉമ്മൻചാണ്ടി
രമേശ് ചെന്നിത്തല
SAVE CONGRESS
നഗരത്തിൽ പതിച്ച പോസ്റ്ററുകൾ

കൊച്ചി: രാജ്യസഭ സീറ്റ് കേരള കോൺഗ്രസിന് നൽകിയതിലുള്ള കോൺഗ്രസ് പ്രവർത്തകരുടെ പ്രതിഷേധം നിലക്കുന്നില്ല. ഇന്നലെ മലപ്പുറം ഡി.സി.സി ഓഫീസിലെ കൊടി മരത്തിൽ ലീഗ് പതാക കെട്ടിയെങ്കിൽ ഇന്ന് ഏറണാകുളം ഡി.സി.സി ഓഫീസിന് മുന്നിൽ ഉമ്മൻചാണ്ടിയെയും രമേശ് ചെന്നിത്തലയെയും പ്രതികാത്മകമായി ശവപ്പെട്ടിയിലടച്ച് റീത്ത് വെച്ചാണ് പ്രവർത്തകർ പ്രതിഷേധിച്ചത്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ പോസ്റ്ററുകളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കെ.എം. മാണി രാജ്യസഭ സീറ്റിലേക്ക് മകൻ ജോസ് കെ. മാണിയെ പ്രഖ്യാപിച്ച രാത്രിയിൽ തന്നെയാണ് പ്രവർത്തകർ ശവപ്പെട്ടിയും റീത്തും വെച്ചത്. പോസ്റ്ററുകളിൽ പ്രവർത്തകരുടെ പ്രതിഷേധവും വേദനയും പുച്ഛവും പ്രകടിപ്പിക്കുന്ന വാക്കുകളാണ് എഴുതിയത്. " കോൺഗ്രസ് പാർട്ടിയുടെ അഭിമാനത്തെക്കാൾ നിങ്ങൾ വില നൽകിയത് മാണിയുടെ വീട്ടിലെ കമ്മട്ടത്തിനോ എന്നാണ് ഒരു പോസ്റ്ററിൽ എഴുതിയത്. ". ഞങ്ങൾ പ്രവർത്തകരുടെ മനസിൽ നിങ്ങൾ മരിച്ചു" " കോൺഗ്രസ് പാർട്ടിയിലെ യൂദാസുകളാണ് ഉമ്മൻചാണ്ടിയും രമേശ് ചെന്നിത്തലയും" തുടങ്ങിയ വാചകങ്ങളും പോസ്റ്ററുകളിലുണ്ട്. വലിയ ശവപ്പെട്ടിയുടെ മേലെ ഉമ്മൻചാണ്ടിയുടെയും രമേശ് ചെന്നിത്തലയുടെയും ഫോട്ടോ പതിച്ചതിന് ശേഷമാണ് റീത്ത് വെച്ചത്. രാവിലെ ഡി.സി.സി ജീവനക്കാർ എത്തിയതിന് ശേഷമാണ് ഇത് മാറ്റിയത്. ഉമ്മൻചാണ്ടിയുടെ രാഷ്ട്രീയ ജീവിതത്തിൽ സമാനമായ രീതിയിൽ ഒരു പ്രതിഷേധത്തിന് ഇതുവരെ ഇരയാകേണ്ടി വന്നിട്ടില്ല. അണികൾക്കിടയിൽ ഏറ്റവും നല്ല സ്വാധീനമുള്ള ആളാണ് ഉമ്മൻചാണ്ടി. ഇദ്ദേഹത്തിന്റെ ഉറ്റ അനുയായികൾ പോലും പരസ്യമായി പ്രതിഷേധവുമായി രംഗത്തുവന്നത് രാഷ്ട്രീയ നിരീക്ഷകരെയടക്കം ഞെട്ടിച്ചിരിക്കുകയാണ്. കേരളത്തിൽ തകർന്ന് കിടക്കുന്ന കോൺഗ്രസിന് താങ്ങാൻ കഴിയാത്ത അടിയാണ് രാജ്യസഭ സീറ്റ് കേരള കോൺഗ്രസിന് നൽകിയതിലൂടെ സംഭവിച്ചത്. ലോക്സഭ തിരഞ്ഞെടുപ്പിന് ഒരുവർഷം പോലും ഇല്ലാതിരിക്കെ ഈ പ്രതിസന്ധി മറികടക്കാൻ നേതൃത്വത്തിന് ഏറെ വിയർപ്പ് ഒഴുക്കേണ്ടിവരും.

പഴയങ്ങാടി ജ്വല്ലറി കവർച്ച: അന്വേഷണത്തിന് പ്രത്യേക സംഘം

പഴയങ്ങാടി: നാട്ടുകാരെയും പോലീസിനെയും ഒരുപോലെ ഞെട്ടിച്ച പഴയങ്ങാടിയിലെ ജ്വല്ലറി കവർച്ചാസംഘത്തെ കണ്ടെത്താൻ പോലീസ് പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നൽകി. പ്രതികളെ കുറിച്ചുള്ള നിർണ്ണായക സൂചനകൾ ലഭിച്ച പശ്ചാത്തലത്തിൽ ഇവരെ കണ്ടെത്താനുള്ള ശ്രമം ഊർജിതമാക്കി. തളിപ്പറമ്പ് ഡി.വൈ.എസ്.പി. കെ.വി.വേണുഗോപാലിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് സി.ഐ കെ.ജെ.വിനോയി, പഴയങ്ങാടി എസ്.ഐ ബിനു മോഹൻ എന്നിവർക്ക് പുറമെ അഡീഷണൽ എസ്.ഐയും ക്രൈം സ്ക്വാഡ്, സ്റ്റേഷൻ സ്ക്വാഡ് അംഗങ്ങളും ഉൾപ്പെട്ടതാണ് അന്വേഷണ സംഘം.

ഇന്നലെ ഉച്ചകഴിഞ്ഞ് സംഭവം നടന്നയുടൻ തന്നെ ജില്ലയിലെ പ്രധാന റോഡുകൾ അടച്ച് വാഹന പരിശോധന നടത്തിയിരുന്നെങ്കിലും തുമ്പൊന്നും ലഭിച്ചില്ല. മാടായി കോളേജ് പരിസരം വരെ മണം പിടിച്ചെത്തിയ പോലീസ് നായക്കും പിന്നീട് സഹായകമായ സൂചനകൾ നൽകാനായിരുന്നില്ല. പ്രതികൾ വാഹനത്തിൽ രക്ഷപ്പെട്ടതാകാമെന്ന ഉറച്ച നിഗമനമാണ് പോലീസിന് ഉള്ളത്. സംഭവവുമായി ബന്ധപ്പെട്ട് വിരലടയാള വിദഗ്ധർ നിർണ്ണായക തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. സംശയിക്കപ്പെടുന്ന കുപ്രസിദ്ധ കവർച്ചാ സംഘത്തെ കേന്ദ്രീകരിച്ചാണ് പ്രധാനമായും അന്വേഷണം പുരോഗമിക്കുന്നത്. എസ്.പി.ശിവവിക്രമിന്റെ നിർദേശപ്രകാരമാണ് അന്വേഷണത്തിന് പ്രത്യേക സംഘത്തെ രൂപീകരിച്ചത്.

ഒരു പ്രതിയുടെ രേഖാചിത്രം തയ്യാറാക്കുന്നു

തളിപ്പറമ്പ: പഴയങ്ങാടിയിലെ ജ്വല്ലറിക്കവർച്ചയുമായി ബന്ധപ്പെട്ട് ദൃക്സാക്ഷിയുടെ മൊഴിപ്രകാരം പോലീസ് ഒരാളുടെ രേഖാചിത്രം തയ്യാറാക്കുന്നു. കവർച്ചാസമയത്ത് സ്ഥലത്തുണ്ടായിരുന്ന ഓട്ടോ ഡ്രൈവറുടെ മൊഴിയിൽ നിന്ന് ലഭിച്ച സൂചനപ്രകാരമാണ് രേഖാചിത്രം തയ്യാറാക്കാൻ തീരുമാനിച്ചത്. കവർച്ചയ്ക്കിടെ പുറത്ത് നിരീക്ഷണത്തിലുണ്ടായിരുന്ന യുവാവിനോട് ഓട്ടോ ഡ്രൈവർ സംസാരിച്ചിരുന്നെങ്കിലും ഇയാൾ കവർച്ചാ സംഘത്തിൽപ്പെട്ടയാളാണെന്ന് തിരിച്ചറിഞ്ഞിരുന്നില്ല.

കള്ളനെ നേരിട്ട് കണ്ടിട്ടും തിരിച്ചറിയാതെ ഓട്ടോ ഡ്രൈവർ

പഴയങ്ങാടി: പട്ടാപ്പകൽ കർട്ടൻ മറച്ചുകെട്ടി പഴയങ്ങാടിയിലെ അൽഫത്തീബി ജ്വല്ലറിയിൽ കർച്ച നടത്തിയ സംഘം കയ്യോടെ പിടിക്കപ്പെടാതിരുന്നത് കള്ളന്റെ സമർത്ഥമായ ഇടപെടലിലൂടെ. അകത്ത് കൂട്ടാളികൾ കവർച്ച നടത്തുമ്പോൾ പുറത്ത് ആൾക്കാരെ നിരീക്ഷിക്കാൻ നിന്ന കള്ളൻ അവിടെയെത്തിയ ഓട്ടോ ഡ്രൈവറെ സമർത്ഥമായി കബളിപ്പിച്ചു. അത്. കള്ളനാണെന്ന് അറിയാൻ കഴിഞ്ഞില്ലെന്ന ഓട്ടോ ഡ്രൈവറുടെ വെളിപ്പെടുത്തലാണ് കള്ളന്റെ സമർത്ഥതയുടെ സാക്ഷ്യാമാകുന്നത്. ഇന്നലെ ഉച്ചക്ക് ഉടമയും ജീവനക്കാരും പള്ളിയിൽ നിസ്കാരത്തിന് പോയപ്പോഴാണ് 3.4 കിലോ സ്വർണ്ണവും രണ്ട് ലക്ഷം രൂപയും കവർന്നത്. 200 മീറ്റർ മാത്രം അകലെയായിരുന്നു പള്ളി. സി.സി.ടി.വി ക്യാമറയിൽ സ്പ്രേ പെയിന്റടിച്ച് മറച്ചശേഷമാണ് പൂട്ട് തകർത്ത് കവർച്ച നടത്തിയത്. ആളുകൾ ശ്രദ്ധിക്കാതിരിക്കാൻ കള്ളന്മാർ ഷട്ടറിന് മുന്നിൽ കർട്ടൻ ഉപയോഗിച്ച് മറച്ചു കെട്ടിയിരുന്നു. ഇതേ സമയം ഇതേ ജ്വല്ലറിയിൽ എത്തിയതാണ് ഓട്ടോ ഡ്രൈവർ. സ്വർണ്ണം വാങ്ങുന്നവർക്ക് സൗജന്യ സമ്മാനമായി നൽകാറുള്ള ഗ്ലാസുകളും ഉപഹാരങ്ങളും കൊണ്ടുവന്നതായിരുന്നു ഇയാൾ. ജ്വല്ലറി പൂട്ടിയ നിലയിലായതിനാൽ 25 മിനുട്ടോളം അവിടെ റോഡിന്റെ എതിർ ദിശയിൽ ഓട്ടോറിക്ഷയുമായി ഇയാൾ കാത്തുനിന്നു. ഏറെ കഴിഞ്ഞിട്ടും ജ്വല്ലറി ഉടമയും ജീവനക്കാരും പള്ളിയിൽ നിന്ന് മടങ്ങി വരാത്തതിനാൽ ജ്വല്ലറിക്ക് മുന്നിൽ നിന്ന കള്ളനെ സമീപിക്കുകയായിരുന്നു.

(ശേഷം നാലാം പേജിൽ)

കാഞ്ഞങ്ങാട്ടെ ജ്വല്ലറി കവർച്ചാക്കേസിലെ പ്രതികളും നിരീക്ഷണത്തിൽ

കാഞ്ഞങ്ങാട്: വെള്ളിയാഴ്ച ജുമാ നമസ്കാരത്തിന് കടയടച്ച് പോകുമ്പോൾ കവർച്ച നടത്തുന്ന സംഭവം കണ്ണൂർ-കാസർക്കോട് ജില്ലകളിൽ ഇതിനു മുമ്പും അരങ്ങേറിയെങ്കിലും പ്രതികൾ പിടിക്കപ്പെട്ടത് ഒരു കേസിൽ മാത്രം. കാഞ്ഞങ്ങാട് രാജധാനി ജ്വല്ലറിയിലെ കവർച്ചയുമായി ബന്ധപ്പെട്ട പ്രതികളാണ് പിടിയിലായിരുന്നത്. ഈ കവർച്ചയുടെ മുഖ്യസൂത്രധാരൻ ജയിലിനകത്താണെങ്കിലും കൂട്ടാളികൾ പുറത്തുള്ളത് പോലീസിന് സംശയത്തിനിടയാക്കിയിട്ടുണ്ട്. ഹോളിവുഡ് സിനിമയെ വെല്ലുന്ന രീതിയിൽ ഞെട്ടിപ്പിക്കുന്നതായിരുന്നു ഇന്നലത്തെ കവർച്ച.

2014 ഏപ്രിൽ 14ന് വെള്ളിയാഴ്ചയായിരുന്നു കാഞ്ഞങ്ങാട് രാജധാനി ജ്വല്ലറിയിൽ നിന്ന് കോടികൾ വിലമതിക്കുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തത്.

കുപ്രസിദ്ധ കവർച്ചാ സംഘത്തലവൻ കല്ലഞ്ചിറ ലത്തീഫിന്റെ നേതൃത്വത്തിലുള്ള സംഘത്തെ ഇതുമായി ബന്ധപ്പെട്ട് പിന്നീട് പോലീസ് അറസ്റ്റ് ചെയ്തെങ്കിലും ലത്തീഫ് ഒഴികെയുള്ളവർ ഇപ്പോൾ ജയിലിന് പുറത്താണുള്ളത്. ബാങ്കിൽ പണയപ്പെടുത്തിയ സ്വർണ്ണാഭരണങ്ങൾ മാത്രമേ പോലീസിന് കണ്ടെടുക്കാനായിട്ടുള്ളൂ. പിന്നീട് ഇതേ സംഘമാണ് ചെറുവത്തൂർ വിജയാ ബാങ്കിലും ആസൂത്രിത കവർച്ച നടത്തിയത്. കവർച്ച നടത്താനുദേശിക്കുന്ന സ്ഥാപനത്തിന്റെ പരിസരത്ത് വാടകക്ക് മുറിയെടുത്ത് ദീർഘകാലത്തെ ആസൂത്രണത്തിന് ശേഷം കവർച്ച നടപ്പാക്കുന്ന രീതിയാണ് ഈ സംഘത്തിന്റേത്.

കോൺക്രീറ്റ് സ്ലാബ് തുരന്നാണ് രാജധാനി ജ്വല്ലറിയിലും വിജയാബാങ്കിലും കവർച്ച നടത്തിയിരുന്നത്. വിഷുദിനമായ വെള്ളിയാഴ്ച ഉച്ചക്ക് ജ്വല്ലറി ജീവനക്കാർ പള്ളിയിൽ നമസ്ക്കാരത്തിന് പോയ സമയത്തായിരുന്നു രാജധാനിയിലും കവർച്ച നടന്നത്.

പഴയങ്ങാടി മൊട്ടാമ്പ്രത്ത് ഇക്കഴിഞ്ഞ നവമ്പർ മൂന്നിന് അൽബദർ ജ്വല്ലറിയിൽ കവർച്ചാശ്രമം ഉണ്ടായതും വെള്ളിയാഴ്ച നമസ്കാര സമയത്താണ്. പിൻഭാഗത്തെ ചുമർ തുരന്ന് കവർച്ച നടത്താനുള്ള ശ്രമത്തിനിടെ തൊട്ടടുത്ത വീടിന്റെ ടെറസിന് മുകളിൽ നിന്ന് വീട്ടുകാർ ബഹളം വെച്ചതോടെ സംഘം വാഹനത്തിൽ കയറി രക്ഷപ്പെടുകയായിരുന്നു. ഈ സംഘം തന്നെയാണോ പുതിയ കവർയ്ക്കും പിറകിലുള്ളതെന്ന് പോലീസ് അന്വേഷിക്കുന്നുണ്ട്.

Bright for Better Future

ബ്രൈറ്റ് കോളേജ്

ഹൈവേ പള്ളിക്ക് എതിർവശം, ന്യൂ ബസാർ, തളിപ്പറമ്പ
Ph: 9446 262 698, 9400 446813, 8301962329

കോഴ്സുകൾ B.Com, BA, +1,+2

പ്രീ പ്രൈമറി & മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ്
ഗവ. അംഗീകൃതം

TUITION FOR ALL CLASSES

14 തികഞ്ഞ ആർക്കും SSLC
(5 വിഷയങ്ങൾ മാത്രം)

6 മാസം കൊണ്ട് +2
(മലയാളത്തിലും എഴുതാം)

അഡ്മിഷൻ തുടരുന്നു

ഈ വർഷം പ്ലസ്ടു തോറ്റവർക്ക് 3 വിഷയങ്ങൾ മാത്രം പഠിച്ച് +2 പാസ്സാകാം

പ്രതിഷേധം അതിരുകടക്കരുതെന്ന് എം.എം ഹസൻ

തിരുവനന്തപുരം: രാജ്യസഭാ സീറ്റ് മാണിക്ക് നൽകിയതിനെതിരായി കോൺഗ്രസ് പ്രവർത്തകർ നടത്തുന്ന പ്രതിഷേധവും വികാരപ്രകടനവും അതിരുകടക്കരുതെന്ന് കെ.പി.സി.സി പ്രസിഡണ്ട് എം.എം. ഹസൻ ആവശ്യപ്പെട്ടു. അതിരുകടന്നാൽ അത് പാർട്ടിയെ ബാധിക്കുമെന്ന കാര്യം പ്രവർത്തകർ തിരിച്ചറിയണം. യു.ഡി.എഫിനുവേണ്ടി ത്യാഗം ഒരുപാട് സഹിച്ച പാർട്ടിയാണ് കോൺഗ്രസ്. ഇപ്പോഴത്തെ സംഭവവും അതിന്റെ ഭാഗം തന്നെയാണ്. മുമ്പ് വീരേന്ദ്രകുമാർ വിഭാഗം മുന്നണി വിട്ടുപോകുന്നത് ഒഴിവാക്കാനാണ് കോൺഗ്രസിന് രാജ്യസഭാ സീറ്റ് ത്യജിക്കേണ്ടി വന്നത്. എന്നാൽ ഇന്ന് മാണി വിഭാഗത്തെ മുന്നണിയിൽ തിരിച്ചുകൊണ്ടുവരാനാണ് ത്യാഗം സഹിക്കുന്നത്. ഹസൻ ചൂണ്ടിക്കാട്ടി.

യുവതിയുടെ ചിത്രങ്ങൾ മോർഫ് ചെയ്ത് പ്രചരിപ്പിച്ചു: 'സീരിയൽ താരത്തെ' തിരയുന്നു

ആലക്കോട്: ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ട ഭർതൃമതിയായ യുവതിയുടെ അർദ്ധ നഗ്ന ചിത്രങ്ങൾ പ്രചരിപ്പിച്ച യുവാവിനെതിരെ പോലീസ് കേസെടുത്തു. മണക്കടവിന് സമീപത്തെ ചുള്ളിപ്പള്ളയിലെ 26കാരിയുടെ പരാതിയിൽ പാലക്കാട് സ്വദേശി എന്ന് സംശയിക്കുന്ന യുവാവിനെതിരെയാണ് ആലക്കോട് പോലീസ് കേസെടുത്തത്. സിനിമാ-സീരിയൽ താരം ശ്രീറാം എന്നവകാശപ്പെട്ടാണ് യുവാവ് യുവതിയുമായി ഫെയ്സ്ബുക്ക് ചാറ്റിങ്ങിലൂടെ ബന്ധം സ്ഥാപിച്ചെടുത്തത്. മാറി മാറി പല ഫോൺ നമ്പരുകളിൽ നിന്നായി ഇയാൾ പലതവണ യുവതിയെ വിളിക്കുകയും ചെയ്തു. ഇതിനിടയിൽ തന്നെ ഫോണിലൂടെ ഭീഷണിപ്പെടുത്തി ഫെയ്സ്ബുക്ക് പാസ്വേർഡ് കൈക്കലാക്കിയതിന് ശേഷം ഫെയ്സ്ബുക്കിലുണ്ടായിരുന്ന ചിത്രങ്ങൾ മോർഫ് ചെയ്ത് അർദ്ധ നഗ്ന ചിത്രങ്ങളാക്കി പലർക്കും അയച്ചുകൊടുക്കുകയും ചെയ്തുവെന്നാണ് യുവതിയുടെ പരാതി. ചിത്രങ്ങൾ പ്രചരിപ്പിച്ചതായി ശ്രദ്ധയിൽ പെട്ടതിനെതുടർന്നാണ് പോലീസിൽ പരാതി നൽകിയത്.ശ്രീറാം എന്ന പേര് വ്യാജമാണെന്നാണ് പോലീസ് സംശയിക്കുന്നത്. ഇയാളുടെ ഫോൺ നമ്പരുകൾ കേന്ദ്രീകരിച്ചാണ് അന്വേഷണം. ആലക്കോട് സി.ഐ ഇ.പി. സുരേശൻ, എസ്.ഐ പ്രഭാകരൻ എന്നിവരുടെ നേതൃത്വത്തിൽ സൈബർസെൽ കെന്ദ്രീകരിച്ചാണ് അന്വേഷണം പുരോഗമിക്കുന്നത്.

തിരുവനന്തപുരത്ത് സ്ഫോടനം

തിരുവനന്തപുരം: തമ്പാനൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് സ്ഫോടക വസ്തു പൊട്ടിത്തെറിച്ചു. ഇന്ന് രാവിലെയാണ് റോഡരികിൽ സ്ഫോടനം നടന്നത്. ഉഗ്രശബ്ദത്തോടെ ഉണ്ടായ പൊട്ടിത്തെറി ജനങ്ങളെ പരിഭ്രാന്തരാക്കി.

ഉസ്മാന്റെ കവിളെല്ല് തല്ലിപ്പൊട്ടിച്ച പോലീസുകാരെ അറസ്റ്റ് ചെയ്യാൻ കുടുംബം നിരാഹാരത്തിനൊരുങ്ങുന്നു

ആലുവ: പോലീസുകാർ കവിളെല്ല് അടിച്ചുനുറുക്കിയ എടത്തല കുഞ്ചാട്ടുകര മരുത്തുംകുടി ഉസ്മാന്റെ ഭാര്യ ഫെബീന ഉൾപ്പെടെ പോലീസ് സ്റ്റേഷന് മുന്നിൽ നിരാഹാരം കിടക്കാൻ ഒരുങ്ങുന്നു. കുടുംബസമേതമായിരിക്കും എടത്തല പോലീസ് സ്റ്റേഷന് മുന്നിൽ നിരാഹാരമിരിക്കുക. ഗുരുതരമായി പരിക്കേറ്റ ഉസ്മാൻ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ആശുപത്രിയിലെത്തി മജിസ്ട്രേട്ട് ഇയാളെ 14 ദിവസത്തേക്ക് റിമാണ്ട് ചെയ്തിരുന്നു. പോലീസുകാരെ അക്രമിച്ചെന്ന കേസിലാണ് അറസ്റ്റും റിമാണ്ടും.

അതേസമയം ഉസ്മാനെ ഗുരുതരമായി പരിക്കേൽപ്പിച്ചതിന് എടുത്തല സ്റ്റേഷനിലെ കണ്ടാലറിയാവുന്ന നാല് പോലീസുകാർക്കെതിരെ ജാമ്യമില്ലാത്ത വകുപ്പ് പ്രകാരം കേസെടുത്തെങ്കിലും അറസ്റ്റ് ചെയ്യാൻ ഇതുവരെ തയ്യാറായിട്ടില്ല. പ്രതികളുടെ പട്ടിക പോലും കോടതിയിൽ നൽകാൻ പോലീസുകാർ തയ്യാറായിട്ടില്ല. ഇതിൽ പ്രതിഷേധിച്ചാണ് കുടുംബം ഒന്നടങ്കം സ്റ്റേഷന് മുന്നിൽ സമരമിരിക്കാൻ ഒരുങ്ങുന്നത്.

41-ാം ചരമദിനം
(09–06–2018)

ജോയി കലയക്കാട്ടിൽ
പന്നിയൂർ
പാവനസ്മരണയ്ക്ക് മുന്നിൽ ദുഃഖാർത്തരായ:
ഭാര്യ, മക്കൾ, മറ്റ് കുടുംബാംഗങ്ങൾ

ഹിൽന
ലേഡീസ് ടൈലറിംഗ് @ ടൈലറിംഗ് മെറ്റീരിയൽസ്
കോർട്ട് റോഡ്, തളിപ്പറമ്പ. Ph: 7012884088